# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 13 വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ
മുഖ്യമന്ത്രി
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

സാമ്പത്തികനില മെച്ചപ്പെടുത്താൻ നടപടി

*301 ശ്രീ.റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പാവപ്പെട്ടവർക്കും കാർഷിക-പാരമ്പര്യ തൊഴിലാളികൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നലകുന്നതിനായി കൂടുതൽ ധനസമാഹരണം നടത്തുന്നതിനും കേന്ദ്രത്തിൽ നിന്നും കൂടുതൽ വിഹിതം ചോദിച്ച് വാങ്ങുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥര്‍

*302 ശ്രീ. ഹൈബി ഈഡന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരെ നിരീക്ഷിക്കുന്നതിനും ഇവര്‍ ഉള്‍പ്പെട്ട ക്രിമിനല്‍ കേസുകളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ആരംഭിച്ചിരിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങള്‍ എന്തൊക്കെയാണ്;

(സി) ഇതിനായി അച്ചടക്ക സമിതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) അച്ചടക്ക സമിതിയുടെ ചുമതലകളും, പ്രവര്‍ത്തന രീതികളും എന്തെല്ലാം ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ആരാധനാലയങ്ങളുടെ സുരക്ഷ

*303 ശ്രീ. എളമരം കരീം
,, എ. കെ. ബാലന്‍
,, എം. ഹംസ
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ക്ഷേത്രങ്ങള്‍ക്കും പള്ളികള്‍ക്കും എതിരെ തീവ്രവാദികളുടെ ആക്രമണം ഉണ്ടായേക്കുമെന്ന് സൂചിപ്പിക്കുന്ന കേന്ദ്ര ഇന്റലിജന്‍സ് റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കില്‍ എപ്പോഴാണ് ലഭിച്ചത് ;

(ബി) ക്ഷേത്രങ്ങളുടെയും പള്ളികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ് ;

(സി) അനിഷ്ട സംഭവങ്ങള്‍ ഒഴിവാക്കുന്നതില്‍ കേന്ദ്ര സുരക്ഷാ ഏജന്‍സികളുടെ നിര്‍ദ്ദേശങ്ങള്‍ നടപ്പാക്കാത്തതുമായി ബന്ധപ്പെട്ട് കേന്ദ്ര സര്‍ക്കാരില്‍ നിന്ന് വീണ്ടും നിര്‍ദ്ദേശം ലഭിച്ചിട്ടുണ്ടോ ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കള്ളനോട്ട് തടയുന്നതിന് നടപടി</u>

*304 ശ്രീ.ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എ. എം. ആരിഫ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളനോട്ടുകളുടെ നിർമ്മാണവും വിതരണവും സംസ്ഥാനത്ത് കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കള്ളനോട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി ;

(സി) കള്ളനോട്ട് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>മൊബൈല്‍ ടെസ്റ്റിംഗ് ലബോറട്ടറികള്‍</u>

*305 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മദ്യപരിശോധന നടത്തുന്നതിന് മൊബൈല്‍ ടെസ്റ്റിംഗ് ലബോറട്ടറികള്‍ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതു വഴി മദ്യ പരിശോധനയില്‍ ഏതു തരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ചുമതല നിര്‍വ്വഹിക്കുന്നത് ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്;

(ഡി) സംസ്ഥാന വ്യാപകമായി മൊബൈല്‍ ടെസ്റ്റിംഗ് ലബോറട്ടറികള്‍ സ്ഥാപിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ</u>

*306 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. എ. ബേബി
,, എളമരം കരീം
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രമക്കേടുകൾ വ്യാപിക്കുകയും വർദ്ധിക്കുകയും ചെയ്തുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) പാചകവാതക ഏജൻസികളെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ; വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനുതകുന്ന എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി മുൻ സർക്കാർ ഏർപ്പെടുത്തിയ മോണിറ്ററിംഗ് കമ്മിറ്റികൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

മൂല്യവര്‍ധിത നികുതി നിയമത്തില്‍ സാധനങ്ങള്‍ക്ക് നികുതി

*307 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശന്‍
,, വര്‍ക്കല കഹാര്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ മൂല്യവര്‍ധിത നികുതി നിയമത്തില്‍ സാധനങ്ങള്‍ക്ക് നികുതി ചുമത്തുന്നതിന്റെ അടിസ്ഥാനമെന്താണ്;

(ബി) സെയില്‍സ് ടേണ്‍ ഓവര്‍ അടിസ്ഥാനമാക്കാതെ ഏതെങ്കിലും സാധനങ്ങള്‍ക്ക് നികുതി ചുമത്താറുണ്ടോ; ഉണ്ടെങ്കില്‍ ഏതെല്ലാം സാധനങ്ങള്‍ക്കാണെന്ന് വ്യക്തമാക്കാമോ;

(സി) സെയില്‍സ് ടേണോവറിന്റെ അടിസ്ഥാനത്തിലല്ലാതെ പ്ലാന്റില്‍ സ്ഥാപിച്ചിരിക്കുന്ന മെഷീനറിയുടെ ഉല്‍പാദനക്ഷമതയനുസരിച്ച് ഫീസടച്ച് നികുതി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ഉല്‍പന്നങ്ങള്‍ക്ക് വില്‍പന നികുതി നിരക്ക് നിജപ്പെടുത്തിയിട്ടും പ്രസ്തുത സാധനങ്ങള്‍ക്ക് ഉല്‍പാദനക്ഷമതയുടെ അടിസ്ഥാനത്തില്‍ ഫീസ് സ്വീകരിക്കുകയും ഉപഭോക്താക്കളില്‍ നിന്നും നിഷ്ക്കര്‍ഷിച്ച നികുതി ഈടാക്കുകയും ചെയ്യുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്രകാരം പൊതുജനങ്ങളില്‍ നിന്നും ഈടാക്കുന്ന തുക സര്‍ക്കാര്‍ ഖജനാവിലേക്ക് മുതല്‍ കൂട്ടുന്നുണ്ടോ; ഇല്ലെങ്കില്‍ പ്രസ്തുത പോരായ്മകള്‍ കണ്ടെത്തി അടിയന്തിര പരിഹാര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>തീരദേശ റോഡുകൾ</u>

*308 ശ്രീ. സി.കെ. നാണു
,, മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തീരദേശ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി എന്തു തുക അനുവദിച്ചിട്ടുണ്ട്;

(സി) തീരദേശത്തല്ലാത്ത ഏതെല്ലാം റോഡുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

## പൊതുവിതരണ ശൃംഖലകളെ കമ്പ്യൂട്ടർവൽക്കരിക്കൽ

*309 ശ്രീ. എം.പി. വിൻസെന്റ്
,, വർക്കല കഹാർ
,, പി.എ. മാധവൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലകളെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പൊതുവിതരണ ശൃംഖലകളെ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി എടുത്തുവോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി കേന്ദ്ര സഹായം ലഭ്യമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഭക്ഷ്യധാന്യ സംഭരണ ശേഷി കൂടുതൽ വിപുലമാക്കുവാനും വിതരണ രംഗത്ത് ബയോമെട്രിക് രീതി കൊണ്ടുവരാനും ശ്രമിക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പൊതുമുതല്‍ നശിപ്പിക്കുന്നവര്‍ക്കെതിരെ നടപടി</u>

ഠ*310 ശ്രീ. പാലോട് രവി
,, കെ. അച്ചുതന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പൊതുമുതല്‍ നശിപ്പിക്കുന്നവര്‍ക്കെതിരെയുള്ള കേസുകള്‍ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക കോടതി വേണമെന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കില്‍ ഇങ്ങനെ ഒരു ആവശ്യം ഉന്നയിക്കുന്നതിനുള്ള സാഹചര്യം എന്തായിരുന്നു; വിശദാംശങ്ങള്‍ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) എങ്കില്‍ ഈ ആവശ്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>അരി കയറ്റുമതിമൂലമുണ്ടായ വിലവര്‍ദ്ധന</u>

*311 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, വി. ചെന്താമരാക്ഷന്‍
,, കെ. കെ. ജയചന്ദ്രന്‍
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കമ്പോളത്തില്‍ അരിവില ഗണ്യമായി വര്‍ദ്ധിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രസര്‍ക്കാര്‍ അരികയറ്റുമതിക്ക് അനുമതി നല്‍കിയത് അരിവില പെട്ടെന്ന് വര്‍ദ്ധിക്കുന്നതിന് കാരണമായി എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നടപടിമൂലം അരിവില വര്‍ദ്ധിക്കാനിടയായതിനെക്കുറിച്ചുള്ള സംസ്ഥാന സര്‍ക്കാര്‍ നിലപാട് കേന്ദ്രസര്‍ക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വില വര്‍ദ്ധിച്ച സാഹചര്യത്തില്‍ ജനങ്ങള്‍ക്ക് ആശ്വാസം നല്‍കാനുള്ള പുതിയ നടപടി എന്താണ്?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>അരിവില നിയന്ത്രണം</u>

*312 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അരി കയറ്റുമതി ചെയ്യുന്നതിന് അനുമതി നല്കിയതുമൂലം പൊതു കമ്പോളത്തിൽ അരിവില വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നേരിടുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് പൊതു കമ്പോളത്തിൽ പ്രതിദിനം എത്ര ടൺ അരിയാണ് എത്തിക്കൊണ്ടിരിക്കുന്നത്; ഇപ്പോൾ ഇത് കുറഞ്ഞിട്ടുണ്ടോ; എങ്കിൽ എത്രയായി കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അരി പൂഴ്ത്തിവയ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂഴ്ത്തിവയ്പ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ധനസഹായം

*313 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, പി. കെ. ഗുരുദാസൻ
,, കെ. വി. അബ്ദുൾ ഖാദർ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപടികൾ മത്സ്യഫെഡിനെ തകർക്കാനിടയാക്കിയതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരിശോധിക്കുകയുണ്ടായോ ;

(ബി) മത്സ്യബന്ധനാവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് എൻ.സി.ഡി.സി സഹായം തേടിക്കൊണ്ടുള്ള മത്സ്യഫെഡിന്റെ പദ്ധതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; പദ്ധതിക്ക് എൻ.സി. ഡി.സി യുടെയും സർക്കാരിന്റെയും അനുമതിയായിട്ടുണ്ടോ ;

(സി) മത്സ്യഫെഡ് സ്വയംതൊഴിൽ വായ്പാ പദ്ധതിയ്ക്ക് ഗ്യാരന്റി നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ശിക്ഷ കഴിഞ്ഞ തടവുകാരുടെ മോചനം</u>

*314 ശ്രീ. സി. മോയിന്‍കുട്ടി
,, എം.പി അബ്ദുസ്സമദ് സമദാനി
,, എന്‍. ഷംസുദ്ദീന്‍
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തടവുകാര്‍ക്ക് ശിക്ഷ കഴിഞ്ഞ് മോചിതരാകാന്‍ പൂര്‍ത്തിയാക്കേണ്ട കാലാവധി സംബന്ധിച്ച് പൊതു നയം രൂപീകരിക്കുന്ന നടപടികള്‍ ഏതു ഘട്ടം വരെ യായി എന്ന് വിശദമാക്കുമോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് ഇക്കാര്യത്തില്‍ എന്തെ ങ്കിലും പൊതുനയമോ, മാനദണ്ഡമോ നിശ്ചയിച്ചി ട്ടുണ്ടോ; എങ്കില്‍ അതെന്താണെന്ന് വ്യക്തമാക്കുമോ;

(സി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് നിയമാനുസൃത ശിക്ഷാ കാലാവധി പൂര്‍ത്തിയാക്കാത്ത തടവുകാരെ മോചിപ്പി ക്കുകയുണ്ടായോ; എങ്കില്‍ എത്രപേരെ മോചിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവരെ മോചിപ്പിച്ച മാനദണ്ഡപ്രകാരം മോചനം ലഭി ക്കേണ്ട മറ്റു തടവുകാരുടെ കാര്യം പരിഗണിക്ക പ്പെട്ടില്ലെന്ന പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അവരുടെ കാര്യത്തില്‍ എന്തു നടപടി സ്വീക രിക്കാന്‍ ഉദ്ദേശിക്കുന്നു എന്ന് വ്യക്ത മാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ശമ്പള പുനർ നിർണ്ണയം - അപാകത</u>

*315 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9-ാം ശമ്പളക്കമ്മീഷൻ സമാനയോഗ്യതയും സമാന സ്കെയിലും ഉണ്ടായിരുന്ന ജീവനക്കാർക്ക് വ്യത്യസ്ത തരത്തിൽ ശമ്പളം പുനർനിർണ്ണയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് ഇത്തരത്തിൽ വ്യത്യസ്ത ശമ്പള സ്കെയിലുകൾ നൽകി ശമ്പളം പരിഷ്ക്കരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) തുല്യയോഗ്യതയും തുല്യശമ്പളസ്കെയിലും വർഷങ്ങളായി നിലനിന്നിരുന്ന ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണത്തിലൂടെ ഉണ്ടായിട്ടുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തുല്യയോഗ്യതയുള്ള ജീവനക്കാർക്ക് വ്യത്യസ്ത സ്കെയിലുകൾ നൽകി ശമ്പളം പരിഷ്ക്കരിച്ചതെന്ന് വിശദമാക്കാമോ;

(ഇ) സമാനയോഗ്യതയും സമാനസ്കെയിലും ഉണ്ടായിരുന്നവർക്ക് 9-ാം ശമ്പളക്കമ്മീഷൻ വ്യത്യസ്ത സ്കെയിലുകൾ നൽകിയിരുന്നതിൽ, ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് ശമ്പളം പിന്നീട് ഏകീകരിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ?

## കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

അഴിമതി സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കാൻ പ്രത്യേക സംവിധാനം

*316 ശ്രീമതി കെ. എസ്. സലീഖ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. റ്റി. വി. രാജേഷ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതി സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഏർപ്പെടുത്തിയ പ്രത്യേക സംവിധാനം സംബന്ധിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം മുമ്പാകെ അഴിമതികൾ സംബന്ധിച്ച് ഇതിനകം ലഭിച്ച പരാതികളെത്ര;

(ഡി) ഏതെല്ലാം തലങ്ങളിലുള്ള അഴിമതികളെ സംബന്ധിച്ച പരാതികളാണിവിടെ പ്രതീക്ഷിക്കുന്നത്;

(ഇ) പ്രസ്തുത സംവിധാനത്തിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അഴിമതി നടത്തിയ എത്ര പേർ ഇതിനകം ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

ഇ-സ്റ്റാമ്പിംഗ് സംവിധാനം

*317 ശ്രീ. ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെക്കുറിച്ച് അവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇതു നടപ്പിലാക്കുമ്പോൾ വിവിധ വകുപ്പുകളുമായി കൂടിയാലോചിക്കുവാൻ തയ്യാറാകുമോ;

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി</u>

*318 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസിയുടെ നടത്തിപ്പിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേരാണ് സമിതി അംഗങ്ങൾ; ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>പാചക വാതക ദൗർലഭ്യം പരിഹരിക്കാൻ നടപടി</u>

*319 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക ലഭ്യതയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗാർഹിക ആവശ്യങ്ങൾക്കുള്ള എൽ.പി.ജി. സിലിണ്ടറുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പാചകവാതക ദൗർലഭ്യം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ഗുണനിലവാരം ഉയര്‍ത്താന്‍ പോലീസില്‍ സ്പെഷ്യലൈസേഷന്‍</u>

*320 ശ്രീ. കെ. കെ. ജയചന്ദ്രന്‍
,, കോടിയേരി ബാലകൃഷ്ണന്‍
,, ഇ. പി. ജയരാജന്‍
,, എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേസന്വേഷണത്തിന്റെ ഗുണനിലവാരം ഉയര്‍ത്താന്‍ പോലീസില്‍ സ്പെഷ്യലൈസേഷന്‍ നടപ്പാക്കണമെന്ന നിര്‍ദ്ദേശം പരിഗണനയിലുണ്ടോ; മുന്‍ സര്‍ക്കാര്‍ നടത്തിയ നിയമനിര്‍മ്മാണത്തിനനുസൃതമായ നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;

(ബി) രാവിലെ കുറ്റാന്വേഷണവും ഉച്ചയ്ക്ക്ശേഷം ക്രമസമാധാനവും വൈകിട്ട് സുരക്ഷയും നോക്കേണ്ട അവസ്ഥയാണ് കേരള പോലീസിനെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) നിയമപരിജ്ഞാനം വര്‍ദ്ധിപ്പിക്കുന്നതിനും കുറ്റാന്വേഷണ പരിശീലനം നല്‍കുന്നതിനും തുടര്‍ നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കള്ള് ചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം</u>

*321 ശ്രീ. കെ. രാജു
,, വി.എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ള് ചെത്ത് വ്യവസായം പരിഷ്ക്കരിക്കുന്നതിനും ആധുനികവൽക്കരണത്തിനുമായി ഏതെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഈ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ തൊഴിൽസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) തൊഴിലാളികളുടെ സഹായത്തോടുകൂടി ശുദ്ധമായ കള്ള് വില്പന ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) കളളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ അതിനുളള എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ലഹരി വിരുദ്ധ ക്ലബുകൾക്ക് മാർഗ്ഗരേഖ</u>

*322 ശ്രീ. വർക്കല കഹാർ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ലഹരി വിരുദ്ധ ക്ലബുകൾക്ക് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആരാണ് മാർഗ്ഗരേഖ തയ്യാറാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കമ്മിറ്റി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ: എങ്കിൽ എന്നാണ് എന്നറിയിക്കാമോ;

(സി) മാർഗ്ഗരേഖയിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

മാവോയിസ്റ്റ് തീവ്രവാദം

*323 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് തീവ്രവാദികളുടെ പ്രവർത്തനം ശക്തിപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതു തടയാൻ എന്തെല്ലാം കർശന നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ആദിവാസി മേഖലകളിൽ നടക്കുന്ന ചൂഷണം മുതലെടുത്താണ് തീവ്രവാദി സംഘടനകൾ ചുവടുറപ്പിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ ചൂഷണം തടയാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് പോലീസ് അധികാരികൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>ആന്റി പൈറസി സെൽ</u>

*324 ശ്രീ. ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രൈംബ്രാഞ്ച് സി.ഐ.ഡി. വിഭാഗത്തിൽ ആന്റി പൈറസി സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ആയതിന്റെ പ്രവർത്തന രീതി എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സൈബർ കുറ്റവാളികൾ</u>

*325 ശ്രീ. പുരുഷൻ കടലുണ്ടി
,, ജി. സുധാകരൻ
,, എം. ഹംസ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെ ഫലപ്രദമായി നേരിടുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) പൊതുവിൽ ഏതെല്ലാം രീതികളിലുള്ള സൈബർ കുറ്റങ്ങളാണ് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

കോക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ

*326 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ. കെ. ബാലൻ
,, കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്കകോള കമ്പനിയിൽ നിന്നും ദുരിതത്തിനിരയായവർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനായി കേരള നിയമസഭ ഐക കണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട - കോക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബില്ലിന് പ്രസിഡണ്ടിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര വകുപ്പ് സംസ്ഥാന സർക്കാരിൽ നിന്നും വിശദീകരണം ആരായുകയുണ്ടായോ ;

(സി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ നിലപാട് കേന്ദ്ര ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; ബാദ്ധ്യതകളിൽ നിന്നും രക്ഷപ്പെടാൻ കോക്കകൊള കമ്പനി കേന്ദ്രത്തിൽ ശ്രമം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>കലവറകളിൽ നിന്ന് ന്യായവിലയ്ക്ക് മണൽ</u>

*327 ശ്രീ. വി.എസ്. സുനിൽ കുമാർ
'' ചിറ്റയം ഗോപകുമാർ
'' കെ. അജിത്
'' ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിൽ ന്യായവിലയ്ക്ക് മണൽ എത്ര കലവറകളിലൂടെയാണ് നല്കിയിരുന്നത് ; അവ ഏതെല്ലാം ;

(ബി) ന്യായവിലയ്ക്കുള്ള മണലിനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കലവറകളിൽ നിന്ന് അവസാനമായി മണൽ വിതരണം നടത്തിയതെന്നാണ് ;

(ഡി) കലവറകളിൽ നിന്നും നൽകുന്ന മണലിന് എത്ര തുക വീതം ഈടാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ കലവറകളുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.10.2011-ലെ മറുപടിക്ക്

<u>സാമ്പത്തിക രംഗത്ത് പരിഷ്കാരം</u>

*328 ശ്രീ. കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ.എ നെല്ലിക്കുന്ന്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിലെ സ്ഥിതി വിവരകണക്കുകളിൽ പിശകുണ്ടെന്ന മുൻധനകാര്യമന്ത്രിയുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച സർക്കാർ നിലപാടെന്താണെന്ന് വിശദമാക്കുമോ;

(സി) ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ച മോശം സാമ്പത്തികാവസ്ഥയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാൻ, എന്തൊക്കെ പരിഷ്ക്കരണങ്ങളാണ് സാമ്പത്തികരംഗത്ത് അനിവാര്യമായിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) അനാവശ്യ ഭരണചെലവുകളും അധികചെലവുകളും കണ്ടെത്തി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>പോലീസ് ആസ്ഥാനത്ത് ഫാസ്റ്റ് ട്രാക്ക് സംവിധാനം</u>

*329 ശ്രീ. വി. ചെന്താമരാക്ഷൻ
,, ബാബു എം. പാലിശ്ശേരി
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കാൻ, പോലീസ് ആസ്ഥാനത്ത് ഫാസ്റ്റ് ട്രാക്ക് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) എന്തെല്ലാം തരത്തിലുള്ള കുറ്റങ്ങൾ സംബന്ധിച്ചുള്ള പരാതികളാണ് ഫാസ്റ്റ് ട്രാക്ക് മുൻപാകെ സമർപ്പിക്കാവുന്നതെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഫാസ്റ്റ് ട്രാക്കിൽ ഇതിനകം എത്ര പരാതികൾ ലഭിച്ചു; എത്ര പോലീസുകാർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; പരാതികൾ സ്വീകരിക്കുമ്പോൾ രസീത് നൽകാറുണ്ടോ?

# കേരള നിയമസഭ
# 13.10.2011-ലെ മറുപടിക്ക്

<u>കടൽമത്സ്യസമ്പത്തിന്റെ ലഭ്യത</u>

*330 ശ്രീ. അൻവർ സാദത്ത്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യസമ്പത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്തെ ഹാച്ചറിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിച്ച് മത്സ്യസമ്പത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ നടപടി എടുക്കുമോ;

(സി) അതിവേഗം വളരുന്നതും കമ്പോളങ്ങളിൽ ഏറെ ആവശ്യക്കാരുള്ളതുമായ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 4.

“T” ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.